## പാഠം 23

# യേശുവിന്റെ ആദ്യത്തെ അത്ഭുതം

**പാഠോദ്ദേശ്യം** : യേശു ഇന്നും അത്ഭുതങ്ങൾ ചെയ്യുവാൻ കഴിവുള്ളവനാണ്

**പാഠഭാഗം** : യോഹന്നാൻ 2:1-11

**മനഃപാഠം** : സങ്കീ. 118:8

"മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്."

**പാഠം** :

യേശു താമസിച്ചിരുന്ന നസ്രത്ത് എന്ന പട്ടണത്തിനടുത്തുള്ള ഒരു ഗ്രാമപ്രദേശമാണ് 'കാനാ' അവിടെ ഒരു വീട്ടിൽ ഒരു കല്യാണത്തിന് യേശുവും അമ്മയും ശിഷ്യന്മാരും പോയി.

ആ നാട്ടിൽ വിരുന്നുസൽക്കാരത്തിന് കുടി

## Lesson 23

# THE FIRST MIRACLE OF JESUS

**Learning Objectives** : Jesus is mighty to do miracles even today

**Passage for Study** : John 2:1-11

**Memory Verse** : Psalm 118:8 –
It is better to take refuge in the LORD than to trust in humans.

**Lesson**

Cana is situated nearby to Nazareth, the hometown of Jesus. Jesus' mother was there, and Jesus and his disciples had also been invited to the wedding. In those regions, it was a common practice to serve wine during



ക്കുവാൻ മുന്തിരിച്ചാറ് കൊടുക്കുമായിരുന്നു. വളരെയധികം ആളുകൾ ക്ഷണിക്കപ്പെട്ടവരായി ഉണ്ടായിരുന്നതുകൊണ്ട് അവർ കരുതിയിരുന്ന വീഞ്ഞ് തികഞ്ഞില്ല. വിളമ്പുകാരും വീട്ടുകാരും വല്ലാതെ വിഷമിച്ചു. യേശുവിന്റെ അമ്മ ഈ വിവരം ഉടനെ തന്നെ യേശുവിനെ അറിയിച്ചു.

അവർക്ക് വീഞ്ഞില്ല എന്ന് മറിയ യേശുവിനോട് പറഞ്ഞു.



എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന് യേശു പറഞ്ഞു.

അമ്മ വേലക്കാരോടു: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതുപോലെ ചെയ്യുവിൻ.

യേശു ദൈവപുത്രനാണെന്നും അത്ഭുതങ്ങൾ ചെയ്യുവാൻ കഴിവുള്ളവാണെന്നും അമ്മയ്ക്ക് അറിയാമായിരുന്നു. കല്യാണവീട്ടിൽ വലിയ പാത്രങ്ങൾ വെള്ളം കോരി വെയ്ക്കുന്നതിനും മറ്റും ഉണ്ടായിരുന്നു. അങ്ങനെയുള്ള ആറ് കല്പാത്രങ്ങൾ നോക്കി യേശു പറഞ്ഞു അതിൽ വെള്ളം നിറയ്ക്കുവിൻ. യേശുവിന്റെ കല്പനപ്രകാരം വേലക്കാർ അതിൽ വെള്ളം നിറച്ചു.

ഇത് കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പീൻ

അവർ അങ്ങനെ ചെയ്തു. എന്തൊരത്ഭുതം. രുചിച്ചു നോക്കി

weddings. The wine supplied for the wedding got over as there were many guests. The hosts of the house and the suppliers began to become anxious. Mary informed Jesus about this matter.

When the wine was gone, Jesus' mother said to him, "They have no more wine."

"Woman, why do you involve me?" Jesus replied. "My hour has not yet come."

His mother said to the servants, "Do whatever he tells you."

Jesus' mother knew that he was the son of God and that He had the power to do miracles. Nearby stood six stone water jars, the kind used by the Jews for ceremonial washing Jesus said to the servants, "Fill the jars with water"; so they filled them to the brim. Then he told them, "Now draw some out and take it to the master of the banquet." They did so, and the master of the banquet tasted the water that had been turned into wine. Then he called the



യവർ എല്ലാം അതിശയിച്ചു. ഇത്ര മേൽത്തരമായ പാനീയം ഇതുവരെ അവർ കുടിച്ചിട്ടുണ്ടായിരുന്നില്ല. ഈ സംഭവം മൂലം യേശുവിന്റെ മഹത്വം വർദ്ധിക്കുകയും ശിഷ്യന്മാർ കൂടുതലായി തന്നിൽ വിശ്വസിക്കുകയും ചെയ്തു. പരസ്യമായി യേശു ചെയ്ത ആദ്യത്തെ അത്ഭുതം ഇതായിരുന്നു.

bridegroom aside and said, “Everyone brings out the choice wine first and then the cheaper wine after the guests have had too much to drink; but you have saved the best till now.” What Jesus did here in Cana of Galilee was the first of the signs through which he revealed his glory, and His disciples believed in Him.



ചോദ്യങ്ങൾ

1. യേശു താമസിച്ചിരുന്ന പട്ടണം ഏത് ?
2. യേശുവിന്റെ ആദ്യത്തെ അത്ഭുതം?
3. എത്ര കല്പാത്രങ്ങളിലാണ് വെള്ളം നിറച്ചത് ?

1. In which town did Jesus live?
2. What was the first miracle of Jesus?
3. In how many stone pots did the servant fill water?



Questions

## നിറംകൊടുക്കുക *Colouring*

